# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.425

## 04-02-2020 ൽ മറുപടിക്ക്

### റോഡ് നവീകരണം കിഫ്ബിയിലുൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. വി.എസ്. ശിവകുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൈതമുക്ക്-ചമ്പക്കട-പേട്ട റോഡ് വീതികൂട്ടി നവീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മുപ്പത്തിനാല് കോടി രൂപയുടെ എസ്റ്റിമേറ്റിന് ധനവകുപ്പ് അനുമതി നൽകുമോയെന്ന് അറിയിക്കാമോ; | തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കൈതമുക്ക് - ചമ്പക്കട - പേട്ട റോഡ് വീതി കൂട്ടുന്നതിന് കിഫ്ബിയിൽ 34 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ തിരക്കേറിയതും വീതി കുറഞ്ഞതുമായ റോഡിന്റെ അവസ്ഥയും പ്രദേശവാസികളുടെ നിരന്തര ആവശ്യവും കണക്കിലെടുത്ത് നഗരത്തിലെ ഈ പ്രധാന റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് കിഫ്ബിയിലുൾപ്പെടുത്തുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | കിഫ്ബിയിൽ ഉൾപ്പെടുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവർത്തികൾക്കും അതല്ലെങ്കിൽ മന്ത്രിസഭ നിർദ്ദേശിച്ചതും ഭരണാനുമതി ഉള്ളതുമായ പ്രവൃത്തികൾ മാത്രമാണ് കിഫ്ബിയുടെ പരിഗണനയിൽ വരുന്നത്. നിലവിൽ 54391 കോടി രൂപയുടെ 679 പദ്ധതികൾ അംഗീകരിച്ചിട്ടുള്ളതിനാൽ പുതിയ പദ്ധതികൾ കിഫ്ബിയിൽ അംഗീകരിക്കുന്നതിന് നിയന്ത്രണം ഉണ്ട്. |

സെക്ഷൻ ഓഫീസർ